"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - കല്പറ്റ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ഹെഡ് ക്ലാർക്ക് ആയി ജോലി നോക്കി വരവെ മരണമടഞ്ഞ ജോസഫ് കെ.ജെ.-യുടെ ഭാര്യ ശ്രീമതി ഷീജ ജോസിന് ഗ്രാമവികസന വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(കൈ) നം.199/2020/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 24.12.2020.

പരാമർശം:
1) 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ ഉത്തരവ്.
2) ശ്രീമതി ഷീജ ജോസ്, കല്ലറയ്ക്കൽ ഹൗസ്, അതിരാറ്റുകുന്ന് പി.ഒ., കേണിച്ചിറ, വയനാട്-673596 സമർപ്പിച്ച 06.10.2017-ലെ അപേക്ഷ.
3) 10.01.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ എസ്റ്റാ.സി1/18753/2017/സിആർഡി നമ്പർ കത്ത്.
4) വയനാട് ജില്ലാ കളക്ടറുടെ 29.06.2018-ലെ ഡിസിഡബ്ല്യുവൈഡി/5364/2018-A1 നമ്പർ കത്ത്.

## ഉത്തരവ്

സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് വയനാട് ജില്ലയിൽ കല്പറ്റ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ഹെഡ് ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ച വരവെ 06.02.2017-ൽ മരണമടഞ്ഞ ജോസഫ് കെ.ജെ.-യുടെ ഭാര്യ ശ്രീമതി ഷീജ ജോസ്, കല്ലറയ്ക്കൽ ഹൗസ്, അതിരാറ്റുകുന്ന് പി.ഒ., കേണിച്ചിറ, വയനാട്-673596 സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ ജോസഫ് കെ.ജെ.-യുടെ ജനന തീയതി 30.05.1964-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 11.09.1995-ഉം ആണ്. ടിയാന് 21 വർഷം 4 മാസം 26 ദിവസം സേവനദൈർഘ്യം ഉണ്ടായിരുന്നു.

2) ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (3)-ലെ കത്തു പ്രകാരം അപേക്ഷകയായ ശ്രീമതി ഷീജ ജോസിന്റെ ജനന തീയതി 20.05.1968 ആണെന്നും ടിയാൾ എം.എ., ബി.എഡ്. എന്നിവ പാസ്സായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും, ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും, വയനാട് ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി ഷീജ ജോസിന് ജോലി നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം ഒപ്പിട്ട് നൽകിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 2,40,400/- (രണ്ടു ലക്ഷത്തി നാല്പതിനായിരത്തി നാനൂറ് രൂപ മാത്രം) രൂപയാണെന്ന് പൂതാടി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) മേൽ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കല്പറ്റ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ഹെഡ് ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ച വരവെ മരണമടഞ്ഞ ജോസഫ് കെ.ജെ.-യുടെ ഭാര്യ ശ്രീമതി ഷീജ ജോസ്, കല്ലറയ്ക്കൽ ഹൗസ്, അതിരാറ്റുകുന്ന് പി.ഒ., കേണിച്ചിറ, വയനാട്-673596-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് 19000-43600 രൂപ ശമ്പള സ്കെയിലിൽ വയനാട് ജില്ലയിൽ നിലവിലുള്ളതോ/തൊട്ടടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) അപേക്ഷകയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം ഗ്രാമവികസന കമ്മീഷണർ നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**നവീൻ കൃഷ്ണൻ ജി.ഐ.**
**അണ്ടർ സെക്രട്ടറി**

ശ്രീമതി ഷീജ ജോസ്, കല്ലറയ്ക്കൽ ഹൗസ്, അതിരാറ്റുകുന്ന് പി.ഒ., കേണിച്ചിറ, വയനാട്-673596
(രജിസ്റ്റേർഡ് പോസ്റ്റ്)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, വയനാട്
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കല്പറ്റ, വയനാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ